# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് – തിരുവനന്തപുരം 695014.**

**Ph:0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - ksta.state@gmail.com**


പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 15-11-2013

## ഡയറ്റ് അധ്യാപകരെ പിരിച്ചുവിടൽ –
# ഡിസംബർ 18 ന് സെക്രട്ടറിയേറ്റ് നടയിൽ അധ്യാപകരുടെ ഏകദിന ധർണ്ണ

ഡയറ്റ് അധ്യാപകരെ പിരിച്ചുവിടാനുള്ള തീരുമാനത്തിനെതിരെ ശക്തമായ പ്രക്ഷോഭം ആരംഭിക്കാൻ കെ.എസ്.ടി.എ സംസ്ഥാന കമ്മിറ്റി തീരുമാനിച്ചു. ഡിസംബർ 18 ബുധനാഴ്ച കെ.എസ്.ടി.എ യുടെ നേതൃത്വത്തിൽ ഡയറ്റ് അധ്യാപകർ ഏകദിന ധർണ്ണ നടത്തും. 2008 ൽ നിയമിക്കപ്പെട്ട 70 ഡയറ്റ് അധ്യാപകരെയാണ് പിരിച്ചുവിടാനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചത്. നിലവിലുള്ള വ്യവസ്ഥയനുസരിച്ച് ഇന്റർവ്യൂ നടത്തി വ്യക്തമായ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് നിയമനം നടന്നത്. ലിസ്റ്റിൽ ഉണ്ടായിരുന്ന 11 പേരെക്കൂടി അർഹതയുണ്ടെങ്കിൽ നിയമിക്കണമെന്ന കോടതി ഉത്തരവിനെതിരെ തെറ്റായി വ്യാഖ്യാനിച്ചാണ് നിലവിലുള്ളവരെ പിരിച്ചുവിട്ടത്. 14 ഡയറ്റുകളിലുമായി 100 ലധികം ഒഴിവുകൾ നിലവിലുണ്ട്. 12 പേരെക്കൂടി നിയമിക്കുന്നതിന് ഒരു തടസ്സവുമില്ല. അധ്യാപകരുടെ കുറവുമൂലം ഡയറ്റുകളുടെ പ്രവർത്തനം മുന്നോട്ടുപോകാനാവാതെ പ്രയാസപ്പെടുന്ന ഘട്ടത്തിലാണ് നിലവിലുള്ളവരെക്കൂടി പിരിച്ചുവിട്ടത്. അക്കാദമിക പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന ഡയറ്റുകളെ ദുർബലപ്പെടുത്താനുള്ള നടപടികളുമായി മുന്നോട്ടുപോകുന്നത്. പൊതുവിദ്യാഭ്യാസ സംവിധാനങ്ങളെ തകർക്കുന്നതിന്റെ ഭാഗമായിട്ടാണ് ഈ നടപടി. അധ്യാപകരെ പിരിച്ചുവിടാനുള്ള നടപടി അവസാനിപ്പിച്ചില്ലെങ്കിൽ പ്രക്ഷോഭം ശക്തിപ്പെടുത്തുമെന്ന് ജനറൽ സെക്രട്ടറി എം.ഷാജഹാൻ മുന്നറിയിപ്പ് നൽകി.

**എം.ഷാജഹാൻ**
ജനറൽ സെക്രട്ടറി